## കേരളത്തിലെ വികേന്ദ്രീകൃത ഭരണസംവിധാനവും കാലാവസ്ഥാ വ്യതിയാനത്തെയും ദുരന്ത ങ്ങളെയും നേരിടുന്നതിനുള്ള തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ശേഷിവർധന ശ്രമങ്ങളും

കേരളത്തിലെ വികേന്ദ്രീകൃത ഭരണസംവിധാനം തദ്ദേശതല വികസന ആസൂത്രണത്തിന് ശക്തമായ അടിത്തറ ഒരുക്കിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനവും പ്രകൃതിദുരന്തങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ (LSGIs) ദുരന്തസാധ്യത കുറയ്ക്കുന്നതിനും കാലാവസ്ഥാ പ്രതിരോധശേഷി വർധിപ്പിക്കുന്നതിനും കൂടുതൽ പ്രാപ്തരാക്കേണ്ടത് അനിവാര്യമാണ്.

**പ്രധാനമായും താഴെപ്പറയുന്ന മേഖലകൾ ഉൾപ്പെടുത്താം:**

**വികേന്ദ്രീകരണത്തിന്റെ അടിത്തറ**

- ജനകീയാസൂത്രണ പ്രസ്ഥാനം
- അധികാരങ്ങൾ, ചുമതലകൾ, ധനവിഭവങ്ങൾ എന്നിവയുടെ വികേന്ദ്രീകരണം
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വികസന ആസൂത്രണത്തിന്റെ കേന്ദ്രമാക്കൽ

**2018-ലെ പ്രളയത്തിന് ശേഷമുള്ള മാറ്റങ്ങൾ**

- ദുരന്തസമയത്ത് തദ്ദേശ സ്ഥാപനങ്ങൾ പ്രഥമ പ്രതികരണ സംവിധാനമായി പ്രവർത്തിച്ചു.
- പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിനും അപകടസാധ്യതയും ദുർബലതയും വിലയിരുത്തുന്നതിനും കൂടുതൽ പ്രാധാന്യം ലഭിച്ചു.

**പ്രാദേശിക ദുരന്തനിവാരണ പദ്ധതികൾ**

- ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും പ്രാദേശിക ദുരന്തസാധ്യതകൾ തിരിച്ചറിയുക.
- അപകടമേഖലകൾ, ദുർബല ജനവിഭാഗങ്ങൾ, സുരക്ഷിത കേന്ദ്രങ്ങൾ, ഒഴിപ്പിക്കൽ മാർഗങ്ങൾ, ലഭ്യമായ വിഭവങ്ങൾ എന്നിവ രേഖപ്പെടുത്തുക.
- ദുരന്തനിവാരണത്തെ വാർഷിക വികസന പദ്ധതികളുമായി സംയോജിപ്പിക്കുക.

**പ്രാദേശിക കാലാവസ്ഥാ വ്യതിയാന പ്രവർത്തന പദ്ധതി LAPCC**

- സംസ്ഥാനതല കാലാവസ്ഥാ നയങ്ങളെ തദ്ദേശതലത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രധാന സംവിധാ നമാണ് Local Action Plan on Climate Change (LAPCC).
- ഓരോ പ്രദേശത്തിന്റെയും കാലാവസ്ഥാ അപകടസാധ്യത അനുസരിച്ചുള്ള പ്രാദേശിക അനുകരണ പ്രവർത്ത നങ്ങൾ ഇതിലൂടെ ആസൂത്രണം ചെയ്യാം.

**ശേഷിവർധനം**

- ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക.
- ദുരന്തനിവാരണവും കാലാവസ്ഥാ വ്യതിയാനവും സംബന്ധിച്ച സാങ്കേതിക അറിവ് തദ്ദേശ സ്ഥാപനങ്ങളി ലേക്ക് എത്തിക്കുക.
- KILA പോലുള്ള സ്ഥാപനങ്ങളുടെ പരിശീലന സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുക.

**ദുരന്തവും കാലാവസ്ഥാ വ്യതിയാനവും പരിഗണിച്ചുള്ള വികസന ആസൂത്രണം**
**വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ:**

- പ്രളയസാധ്യത
- മണ്ണിടിച്ചിൽ സാധ്യത
- അതിതീവ്ര മഴ
- ജലനിർഗമന സംവിധാനങ്ങൾ
- തണ്ണീർത്തടങ്ങളും നീർച്ചാലുകളും
- കുന്നിൻ പ്രദേശങ്ങളിലെ നിർമാണ പ്രവർത്തനങ്ങൾ
- റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ

എന്നിവ നിർബന്ധമായും പരിഗണിക്കണം.

**സമൂഹത്തിന്റെ ശേഷിവർധനം**

- Emergency Response Teams (ERT)
- സന്നദ്ധ പ്രവർത്തകർ
- മോക് ഡ്രില്ലുകൾ
- പ്രാദേശിക മുന്നറിയിപ്പ് സംവിധാനങ്ങൾ
- സ്കൂൾതല ദുരന്തസന്നദ്ധത
- കുടുംബശ്രീ ഉൾപ്പെടെയുള്ള സാമൂഹിക സംവിധാനങ്ങളുടെ പങ്കാളിത്തം

എന്നിവ കൂടുതൽ ശക്തിപ്പെടുത്തണം.

ഓരോ കുടുംബവും തന്റെ പ്രദേശത്തിന്റെ അപകടസാദ്ധ്യത തിരിച്ചറിയുകയും എന്ത് ചെയ്യണം, എന്ത് ചെയ്യരുത് എന്ന് തിരിച്ചറിയുകയും വേണം. അതിനുള്ള സമൂഹതല പ്രവർത്തനം (community level) അടിയന്തരമായി നടപ്പാക്കണം.